പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 319 08.06.2015-ൽ മറുപടിക്ക്

## കെ. എസ്. ആർ റ്റി. സിയുടെ പ്രതിമാസ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. റ്റി. സി. യുടെ നിലവിലെ പ്രതിമാസ നഷ്ടം എത്ര തുകയാണ്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ പ്രതി മാസ വരവ് ചെലവ് അന്തരം 107 കോടി രൂപയാണ്. |
| (ബി) | കെ. എസ്. ആർ. റ്റി. സി. പെൻഷൻകാർക്ക് അവസാനമായി പെൻഷൻ നൽകിയത് എന്നാണ്; | (ബി) | 14.05.2015-ലാണ് കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ അവസാനമായി വിതരണം ചെയ്തത്. |
| (സി) | എത്രമാസത്തെ പെൻഷൻ തുക കുടിശ്ശിക ആയി നൽകാനുണ്ട്; | (സി) | 2015 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 15000/- രൂപയ്ക്ക് മുകളിൽ പെൻഷനുള്ള പെൻഷൻകാർക്ക് ശേഷി ക്കുന്ന തുക 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ട്. |
| (ഡി) | പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതു മൂലം ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയാണ്; | (ഡി) | പെൻഷൻ സമയബന്ധിതമായി ലഭിക്കാത്ത തുമൂലം ഇത്തരം സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കെ. എസ്. ആർ. റ്റി. സി. യിൽ സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി ഓരോ മാസവും കെ.എസ്. ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക Non Plan വിഹിത മായി (പരമാവധി 20 കോടി രൂപ) |

| | | | |
|---|---|---|---|
| | | | സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് 2014 ഡിസംബർ മാസത്തെ പെൻഷൻ തുക (15000/- രൂപ വരെയുള്ളത്) വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ